തൊഴിൽ നിയമ പരിഷ്ക്കരണത്തിനുള്ള സെൽ

54 (4219) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുവേണ്ടി ഒരു സെൽ രൂപീകരിച്ചിട്ടുണ്ടോ ; ഈ സെൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സെല്ലിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. തൊഴിൽ നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നതായി നിർദ്ദിഷ്ട തൊഴിൽ നയത്തിൽ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

2003-04 സാമ്പത്തിക വർഷം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വകയിരുത്തിയ തുക

55 (4215) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04 സാമ്പത്തിക വർഷത്തിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഈ തുകകൊണ്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2003-04 വർഷത്തിൽ എംപ്ലോയ്മെന്റ് വകുപ്പുവഴി നടപ്പിലാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതി (കെസ്റു 99) ക്ക് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതർക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന 30,000 രൂപ മുതൽ 50,000 രൂപ വരെ വായ്പ നൽകാൻ സർക്കാർ ശുപാർശ ചെയ്യുന്നു. അപ്രകാരം വായ്പ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് വായ്പയുടെ 20% സബ്സിഡിയായി നൽകുന്നതിന് ടി തുക വിനിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly